ഉത്തരം

(എ) വീതികൂട്ടുമ്പോൾ അറുപതോളം നിർമ്മാണങ്ങളെ പൂർണ്ണമായോ ഭാഗികമായോ ബാധിക്കും.

(ബി) 4 മീറ്റർ വരെ.

(സി) പൊളിക്കേണ്ടി വരും.

(ഡി) ഒഴിവാക്കാൻ കഴിയില്ല.

(ഇ) സ്ഥലമെടുപ്പ് സംബന്ധിച്ച പരാതി പരിശോധിക്കുന്നതിനായി അഡീ. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

നെല്ലനാട് ഗ്രാമപഞ്ചായത്തിൽ 8-ാം വാർഡിൽ ശ്രീ. കെ. പ്രഭാകരക്കുറുപ്പിന്റെ വഴി തടസ്സപ്പെടുത്തുന്നതായുള്ള പരാതി

108 [3497] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ നെല്ലനാട് ഗ്രാമപഞ്ചായത്തിൽ 8-ാം വാർഡിൽ വിജയ നിലയത്തിൽ ശ്രീ. കെ. പ്രഭാകരക്കുറുപ്പ് കാലാകാലങ്ങളായി ഉപയോഗിക്കുന്ന വഴി തടസ്സപ്പെടുത്തുന്നത് സംബന്ധിച്ച് ഗവൺമെന്റിന് പരാതി സമർപ്പിച്ചത് എന്നാണ്;

(ബി) ഈ പരാതിയുടെ അടിസ്ഥാനത്തിൽ വഴി അളന്നു തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എന്നാണ് വഴി അളന്നു തിട്ടപ്പെടുത്തിയതെന്നും ഏത് ഉദ്യോഗസ്ഥനാണ് അപ്രകാരം ചെയ്തതെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത വഴിക്ക് എത്ര അടി നീളവും വീതിയുമുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) അളന്നു തിട്ടപ്പെടുത്തിയതിനുശേഷം ഈ വഴി പരാതിക്കാരന് സഞ്ചാരയോഗ്യമാക്കി നൽകിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാലതാമസത്തിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത വഴി തടസ്സപ്പെടുത്തുന്നവർക്കെതിരെ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ;

(ജി) പ്രശ്ന പരിഹാരത്തിന് പോലീസിന്റെ സഹായം തേടിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 10-2-2003-ൽ

(ബി) ഉണ്ട്. 7-10-2003-ൽ നെടുമങ്ങാട് താലൂക്ക് സർവ്വേയർ.

(സി) 1.20 മീറ്റർ വീതിയും 40.60 മീറ്റർ നീളവുമുണ്ട്.

(ഡി) ഇല്ല.

(ഇ) പഞ്ചായത്തിനു വഴി വിട്ടുകിട്ടിയിട്ടില്ല. നടപടി സ്വീകരിച്ചുവരുന്നു.

(എഫ്) ഇല്ല.

(ജി) ഇല്ല.

കോൺട്രാക്ടർ മണൽ കടത്തിയതിനെതിരെ നടപടി

109 [3498] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബംഗ്ലാകടവ് പാലത്തിന്റെ നിർമ്മാണ കരാർ ഏറ്റെടുത്ത കോൺട്രാക്ടർ മണൽ കടത്തിയത് സംബന്ധിച്ച് വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഉദ്ദേശം എത്ര ലോഡ് മണലാണ് ഇവിടെ നിന്നും കടത്തിയതായി പഞ്ചായത്ത് കണക്കാക്കിയിട്ടുള്ളത്;

(സി) ഈയിനത്തിൽ പഞ്ചായത്തിനും സർക്കാരിനും എത്ര രൂപയുടെ വരുമാന നഷ്ടമാണുണ്ടായിട്ടുള്ളത്;

(ഡി) ഈ നഷ്ടം ഈടാക്കാനായി എന്തൊക്കെ നടപടികളാണ് പഞ്ചായത്ത് അധികൃതർ സ്വീകരിച്ചിട്ടുള്ളത്;

(ഇ) പ്രസ്തുത കോൺട്രാക്ടറുടെ പേരിൽ എന്തെല്ലാം നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ—ഇ) ബംഗ്ലാകടവ് പാലത്തിന്റെ നിർമ്മാണ കരാർ ഏറ്റെടുത്ത കോൺട്രാക്ടർ മണൽ കടത്തിയത് സംബന്ധിച്ച് വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിൽ പരാതി ഒന്നും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly